**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2887** **13-10-2021 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളിൽ തനതു വരുമാനം കുറഞ്ഞ തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അടക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഹിതം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ 15% തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ യോജിച്ച് ഈ തുക കണ്ടെത്താവുന്നതാണ് . കൂടാതെ, ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്ത്വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | കൂത്തുപറമ്പ് മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | പദ്ധതി വിഹിതം ഒഴിവാക്കുന്നതിനായി പ്രസ്തുത മണ്ഡലത്തിലെ കോട്ടയം ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (സി) | കോട്ടയം പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിക്കായി 696 ലക്ഷം രൂപയുടെ അനുമതിയാണ് നൽകിയത്. ഇതുപ്രകാരം 104.4 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി കോട്ടയം ഗ്രാമ പഞ്ചായത്ത് കണ്ടെത്തേണ്ടതുണ്ട്. പ്രസ്തുത തുക കണ്ടെത്തുവാൻ ഗ്രാമ പഞ്ചായത്തിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടെങ്കിൽ എം. എൽ. എ യുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നുള്ള വിവരം പ്രസ്തുത ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ? | (ഡി) | 2024 ഓടു കൂടി പൂർത്തീകരിക്കത്തക്ക തരത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ള കുടിവെള്ള കണക്ഷനുകൾ | നൽകിയ കുടിവെള്ള കണക്ഷനുകൾ |
|---|---|---|---|
| കോട്ടയം | 696.00 | 3420 | 1732 |
| പാട്യം | 3664.00 | 6538 | 1092 |
| മൊകേരി | 2405.00 | 4363 | 0 |

സെക്ഷൻ ഓഫീസർ